**SCHOOL OF DISTANCE EDUCATION**
**MAHATMA GANDHI UNIVERSITY, KOTTAYAM**
**B. A. Malayalam-- Fifth Semester**

**Core Course V-സാമാന്യഭാഷാശാസ്ത്രം**

1. അർത്ഥവ്യത്യാസത്തിനു കാരണമാകുന്ന ഏറ്റവും ചെറിയ ഏകകത്തിന്റെ പേരെന്ത്?
   (A) സ്വനം (B) സ്വനിമം
   (C) രൂപിമം (D) വാക്യം
2. ഭാഷണചിഹ്നങ്ങളെ ആശയങ്ങളാക്കി മാറ്റുന്ന പ്രക്രിയയുടെ പേരെന്ത് ?
   (A) സങ്കേതനം (B) സ്വനഭൗതികം
   (C) വിസങ്കേതനം (D) ആഖ്യാതം
3. ഭാഷണത്തിലെ ഏറ്റവും ചെറിയ ഘടകം.
   (A) രൂപം (B) സ്വനം
   (C) രൂപിമം (D) അക്ഷരം
4. ഭാഷാജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വാക്യങ്ങളെ ഉത്പാദിപ്പിക്കുന്ന പ്രക്രിയ.
   (A) ഭാഷാവിജ്ഞാനം (B) വാക്യശുദ്ധി
   (C) ഭാഷാപ്രയോഗം (D) സ്വനവിജ്ഞാനം
5. ബദ്ധരൂപിമത്തിന് ഉദാഹരണമേത് ?
   (A) കുട്ടി (B) കൾ
   (C) വീട് (D) നന്മ
6. ഉച്ചാരണം, പദം, വ്യാകരണരൂപം, അർത്ഥം എന്നിവയിൽ സമാനസ്വഭാവമുള്ളവയെ ബന്ധിപ്പിക്കുന്ന സാങ്കല്പികരേഖയെ .................... എന്നു പറയുന്നു.
   (A) ഭൂപടം (B) സമഭാഷാംശസീമാരേഖ
   (C) കേന്ദ്രമേഖല (D) ഉപഭാഷാരേഖ
7. തനിമ എന്ന വാക്കിലെ സ്വനങ്ങളുടെ എണ്ണം.
   (A) ആറ് (B) നാല്
   (C) മൂന്ന് (D) ഏഴ്
8. ചുണ്ടുകൾ വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്ന സ്വരങ്ങളുടെ പേരെന്ത് ?
   (A) മാനസ്വരങ്ങൾ (B) അവർത്തുളസ്വരങ്ങൾ
   (C) കേന്ദ്രസ്വരങ്ങൾ (D) വർത്തുളസ്വരങ്ങൾ
9. രചനാന്തരണ- പ്രജനകവ്യാകരണം അവതരിപ്പിച്ചതാര് ?
   (A) കോർദോ (B) നോം ചോംസ്കി
   (C) സസ്സൂർ (D) എഡ്വേർഡ് സപീർ
10. വാക്യഘടന എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.
   (A) ഇ. വി. എൻ. നമ്പൂതിരി (B) വേദബന്ധു
   (C) കെ. എം. പ്രഭാകരവാര്യർ (D) കെ. ഗോദവർമ്മ
11. സ്വതന്ത്രരൂപിമത്തോടു ചേർന്നു പ്രത്യക്ഷപ്പെടുന്ന രൂപിമത്തിന്റെ പേരെന്ത് ?
   (A) ഉപസ്വനം (B) സ്വനിമം
   (C) ബദ്ധരൂപിമം (D) ഉപരൂപം
12. ആഖ്യയും ആഖ്യാതവും ഏതു വിജ്ഞാനശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) സ്വനവിജ്ഞാനം (B) വാക്യവിജ്ഞാനം
   (C) ചിഹ്നവിജ്ഞാനം (D) അർത്ഥവിജ്ഞാനം

13. ‘ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ’ –എഴുതിയതാര് ?

(A) കെ. എം. പ്രഭാകരവാര്യർ (B) വി. ആർ. പ്രബോധചന്ദ്രൻനായർ

(C) പി. എം. ഗിരീഷ് (D) ഏ. പി. ആൻഡ്രൂസ്കുട്ടി

14.പോകുക, പോവുക എന്നീ വാക്കുകൾക്ക് ഒരേ അർത്ഥം വരുന്നത് ...........കൊണ്ടാണ്.

(A) സ്വതന്ത്രപരിവർത്തനം (B) പൂരകവിതരണം

(C) വ്യത്യയവിതരണം (D) ഭാഗികപൂരണം

15. ‘ഇരണ്ട്’ എന്നത് ‘രണ്ട്’ എന്നായത് ഏതിലുൾപ്പെടുന്നു ?

(A) സമാക്ഷരലോപം (B) ആദിസ്വനലോപം

(C) അന്ത്യാഗമം (D) അന്ത്യവർണലോപം

16. മാനസ്വരവ്യവസ്ഥ അവതരിപ്പിച്ച സ്വനവിജ്ഞാനി.

(A) ഡാനിയൽ ജോൺസ് (B) ബ്ലൂംഫീൽഡ്

(C) നോം ചോംസ്കി (D) ഗുണ്ടർട്ട്

17. ഉച്ചാരണശബ്ദങ്ങളെക്കുറിച്ചുള്ള പഠനശാഖ.

(A) സ്വനവിജ്ഞാനം (B) വാക്യവിജ്ഞാനം

(C) വിവർത്തനവിജ്ഞാനം (D) അർത്ഥവിജ്ഞാനം

18. ഭടൻ എന്ന പദത്തിന്റെ അർത്ഥത്തിനുവന്ന പരിണാമം ഏതു വിഭാഗത്തിൽപ്പെടുന്നു ?

(A) അർത്ഥാപകർഷം (B) അർത്ഥോന്നതി

(C) അർത്ഥസാമീപ്യം (D) അതിശയോക്തി

19. ലാങ്– പരോൾ ദ്വന്ദ്വം അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞൻ.

(A) പാണിനി (B) മിഖായേൽ ബഖ്തിൻ

(C) വില്യം ജോൺസ് (D) സസ്സൂർ

20. ബദ്ധരൂപിമങ്ങളുടെ മറ്റൊരു പേര്.

(A) ഉപരൂപം (B) ഉപസ്വനം

(C) ആശ്രിതരൂപിമം (D) വർണം

21. ഉച്ചാരണത്തിൽ പ്രധാന പങ്കു വഹിക്കുന്ന ചലകരണമേത് ?

(A) നാവ് (B) കഠിനതാലു

(C) ദന്തം (D) മൃദുതാലു

22. മലയാളം ഏതുഭാഷാഗോത്രത്തിലാണ് ഉൾപ്പെടുന്നത് ?

(A) ഇൻഡോ– യൂറോപ്യൻ ഗോത്രം (B) ദ്രാവിഡഭാഷാഗോത്രം

(C) സെമിറ്റിക് ഗോത്രം (D) ഹെമിറ്റിക് ഗോത്രം

23. ഒരുകാലത്ത് വാമൊഴിയായി പ്രചാരത്തിലുണ്ടായിരുന്നെങ്കിലും പിന്നീട് ഗ്രന്ഥങ്ങളിൽമാത്രമായി ഒതുങ്ങിപ്പോയ ഭാഷയ്ക്ക് പറയുന്ന പേര്.

(A) അന്താരാഷ്ട്രഭാഷ (B) ഭരണഭാഷ

(C) സങ്കരഭാഷ (D) മൃതഭാഷ

24. ആശയവിനിമയപ്രക്രിയയുടെ അഞ്ചുഘട്ടങ്ങളിൽ ഉൾപ്പെടാത്തതേത് ?

(A) ഛായാഗ്രഹണം (B) ആശയോത്ഭവം

(C) സങ്കേതനം (D) ആശയസ്വീകരണം

25. ഭാഷയിലെ ശബ്ദ– ലിഖിതബിംബങ്ങൾക്കു പറയുന്ന മറ്റൊരു പേര്.

(A) സൂചിതം (B) സൂചകം

(C) നാമം (D) പ്രാദേശികഭാഷ

26. അർത്ഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകം.

(A) സ്വനം (B) വാക്യം

(C) രൂപിമം (D) ഉപസ്വനം

27. സ്വനിമവിജ്ഞാനം എന്ന ഗ്രന്ഥം എഴുതിയതാര് ?

(A) കെ. എം. പ്രഭാകരവാരിയർ (B) സി. എൽ. ആന്റണി

(C) വേദബന്ധു (D) ഏ. പി. ആൻഡ്രൂസ്കുട്ടി

28. എല്ലാ ഭാഷാഭേദങ്ങളുടെയും സത്തുൾക്കൊണ്ടുകൊണ്ട് അംഗീകൃതഭാഷയായി പാകപ്പെടുത്തിയെടുക്കുന്ന ഭാഷ.

(A) വെങ്കലഭാഷ (B) മൃതഭാഷ

(C) വ്യക്തിഭാഷ (D) മാനകഭാഷ

29. സ്വരം, സ്വരം ചേർന്ന വ്യഞ്ജനം എന്നിവയ്ക്ക് സാമാന്യമായി പറയാവുന്ന പേര്.

(A) സ്വനിമം (B) മാനസ്വരം

(C) അക്ഷരം (D) ചില്ല്

30. മലയാളത്തിലെ ഉൽക്ഷിപ്തവ്യഞ്ജനം.

(A) ര (B) ക

(C) അ (D) ന

31. പ്രത്യക്ഷപ്പെടുന്ന സ്ഥാനം കൊണ്ടോ സാഹചര്യം കൊണ്ടോ വ്യത്യാസം സംഭവിക്കുന്ന സ്വനങ്ങൾക്കു തമ്മിലുള്ള ബന്ധത്തിനു പറയുന്ന പേര്.

(A) സ്വതന്ത്രപരിവർത്തനം (B) പൂരകബന്ധം

(C) വ്യത്യയവിതരണം (D) സ്വനിമബന്ധം

32. സ്വതന്ത്രരൂപിമങ്ങളെല്ലാം ഏതു വിഭാഗത്തിലുൾപ്പെടുന്നു ?

(A) വിഭക്തി (B) വിശേഷണം

(C) പദം (D) കാലപ്രത്യയം

33. ഭാഷാഭേദത്തിന്റെ തനിമകൾ ഏറ്റവുമധികം പ്രത്യക്ഷപ്പടുന്ന മേഖല.

(A) കേന്ദ്രമേഖല (B) അവശിഷ്ടമേഖല

(C) സംക്രമണമേഖല (D) ഭാഷാഭേദഭൂപടം

34. പ്രത്യയങ്ങൾ ചേർത്ത് പ്രകൃതിക്ക് രൂപഭേദം വരുത്താത്ത ഭാഷകൾ ഏതുകക്ഷ്യയിൽ ഉൾപ്പെടുന്നു ?

(A) പ്രാകൃതകക്ഷ്യ (B) സംശ്ലിഷ്ടകക്ഷ്യ

(C) വൈകൃതകക്ഷ്യ (D) സംഘടിതകക്ഷ്യ

35. ഇന്ത്യയിലെ ലിപികളുടെയെല്ലാം മൂലലിപിയായി കരുതപ്പെടുന്ന ലിപി.

(A) വട്ടെഴുത്ത് (B) കോലെഴുത്ത്

(C) ഗുഹാലിപി (D) ബ്രാഹ്മി

36. സങ്കരഭാഷ തലമുറകളിലൂടെ സഞ്ചരിച്ച് ഒരു സമൂഹത്തിന്റെ മാതൃഭാഷയാകുമ്പോൾ അതിനെ .............................. എന്നു വിളിക്കുന്നു.

(A) വെങ്കലഭാഷ (B) ഭരണഭാഷ

(C) ദേശീയഭാഷ (D) ഗ്രന്ഥഭാഷ

37. 1786– ൽ കൽക്കത്തയിലെ ഏഷ്യാറ്റിക് സൊസൈറ്റിയിൽ നടത്തിയ പ്രഭാഷണത്തിൽ ഭാഷകളുടെ ജൈവബന്ധത്തെപ്പറ്റിയുള്ള നിരീക്ഷണം അവതരിപ്പിച്ച പണ്ഡിതൻ.

(A) ബ്ലൂംഫീൽഡ് (B) നോം ചോംസ്കി

(C) വില്യം ജോൺസ് (D) സസ്സൂർ

38. സ്വനിമത്തിന്റെ പ്രവൃത്തിപഥവ്യതിയാനങ്ങൾക്കു പറയുന്ന പേരെന്ത് ?

(A) രൂപിമം (B) ഉപസ്വനം

(C) ഉപരൂപം (D) ബദ്ധരൂപിമം

39. മാനസ്വരങ്ങളുടെ എണ്ണമെത്രയാണ് ?
(A) ആറ് (B) ഏഴ്
(C) എട്ട് (D) മൂന്ന്

40. ഉച്ചാരണശബ്ദങ്ങൾക്ക് ഭാഷാശാസ്ത്രം നൽകുന്ന പേര്.
(A) സ്വനം (B) അക്ഷരം
(C) വ്യഞ്ജനം (D) സ്വരം

41. സ്വയമൊരു പദമായി നിലകൊള്ളാൻ കഴിയുന്ന രൂപിമം.
(A) ബദ്ധരൂപിമം (B) ഉപരൂപം
(C) സ്വതന്ത്രരൂപിമം (D) ശൂന്യരൂപിമം

42. ഭിന്നസ്ഥാനീയങ്ങളായ രണ്ടു സ്വനങ്ങളെ സമസ്ഥാനീയങ്ങളാക്കുന്ന പ്രക്രിയ.
(A) മധ്യസ്വരയോഗം (B) സവർണ്ണനം
(C) വിഷമീകരണം (D) സമാക്ഷരലോപം

43. ഭാഷയുടെ വൈയക്തികതലത്തിന് സസ്സൂർ നൽകുന്ന പേരെന്ത് ?
(A) ധ്വനി (B) ലാങ്
(C) ശബ്ദം (D) പരോൾ

44. ഭാഷണത്തിലുപരി എഴുത്തിന് പ്രാധാന്യം നൽകിയ ദാർശനികൻ.
(A) അരിസ്റ്റോട്ടിൽ (B) എഡ്വേർഡ് സപീർ
(C) ഫ്രോയിഡ് (D) ഴാങ് ദെറിദ

45. ആശയങ്ങളെ ഭാഷണചിഹ്നങ്ങളാക്കുന്ന പ്രക്രിയയേത് ?
(A) സങ്കേതനം (B) ആശയസ്വീകരണം
(C) വിസങ്കേതനം (D) സന്ദേശചിഹ്നങ്ങളുടെ സഞ്ചാരം

46. നാവ് ഉച്ചാരണസ്ഥാനത്ത് പൂർണ്ണമായി സ്പർശിച്ച് നിശ്വാസവായുവിനെ പുറത്തുവിടുമ്പോൾ ഉണ്ടാകുന്ന സ്വനം.
(A) പ്രവാഹി (B) പാർശ്വികം
(C) വിരാമം (D) ശ്വാസി

47. സാമൂഹികഭാഷാവിജ്ഞാനീയവുമായി ബന്ധമുള്ള ഭാഷാപ്രയോഗമേഖലയേത് ?
(A) രചനാന്തരണവ്യാകരണം (B) സംബോധനാരൂപങ്ങൾ
(C) മാനസ്വരങ്ങൾ (D) ഉപരൂപങ്ങൾ

48. രണ്ടു പദങ്ങളിൽ ഒരു സ്ഥാനത്തുമാത്രം വരുന്ന സ്വനവ്യത്യാസം അർത്ഥഭേദം ഉണ്ടാക്കുന്നുവെങ്കിൽ ആ സ്വനങ്ങൾക്കു പറയുന്ന പേര്.
(A) രൂപം (B) രൂപിമം
(C) സ്വനിമം (D) ആഖ്യാതം

49. മലയാളം മലയാളിയോളം എന്ന ഗ്രന്ഥം എഴുതിയതാര് ?
(A) നോം ചോംസ്കി (B) വി. ആർ. പ്രബോധചന്ദ്രൻനായർ
(C) ഇ. വി. എൻ. നമ്പൂതിരി (D) ഏ. പി. ആൻഡ്രൂസ്കുട്ടി

50. താഴെ കൊടുത്തിട്ടുള്ളവയിൽ സ്വനിമനിർണ്ണയോപാധികളിൽ ഉൾപ്പെടുന്നത് ഏത് ?
(A) പൂരകവിതരണം (B) സന്നിഹിതഘടകാപഗ്രഥനം
(C) രൂപിമനിർണ്ണയം (D) പ്രജനകവ്യാകരണം

51. വാക്യത്തിൽ ഒനോമ, റീമ എന്നിങ്ങനെ രണ്ടു ഘടകങ്ങളുണ്ടെന്നു കണ്ടെത്തിയ ഗ്രീക്ക് ചിന്തകൻ.
(A) അരിസ്റ്റോട്ടിൽ (B) ബ്ലൂംഫീൽഡ്
(C) പ്ലേറ്റോ (D) പതഞ്ജലി

52. ഭാഷയുടെ എല്ലാ തലങ്ങളെയും വിശേഷിച്ച് വാമൊഴിയെയും ശരിതെറ്റുകൾ ചൂണ്ടിക്കാണിക്കാതെ വിശകലനം ചെയ്യുന്ന പഠനശാഖ.

(A) വ്യാകരണം (B) ഭാഷാശാസ്ത്രം

(C) തത്ത്വശാസ്ത്രം (D) ഭാഷാചരിത്രം

53. 'ലാംഗ്വേജ് ' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

(A) ബ്ലൂം ഫീൽഡ് (B) ഡാനിയൽ ജോൺസ്

(C) പ്ലേറ്റോ (D) കെ. എം. പ്രഭാകരവാരിയർ

54. ഭാഷാജ്ഞാനം, ഭാഷാപ്രയോഗം എന്നിവയെപ്പറ്റി വിശദമായ പഠനങ്ങൾ അവതരിപ്പിച്ച അമേരിക്കൻ ഭാഷാശാസ്ത്രജ്ഞൻ.

(A) വില്യം ജോൺസ് (B) ബ്ലൂംഫീൽഡ്

(C) നോം ചോംസ്കി (D) ഗുണ്ടർട്ട്

55. ദീർഘമായ കാലയളവിൽ ഭാഷയ്ക്കു സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പഠനം.

(A) ഏകകാലികഭാഷാശാസ്ത്രം (B) ബഹുകാലികഭാഷാശാസ്ത്രം

(C) പ്രജനകവ്യാകരണം (D) ശിശുഭാഷാപഠനം

56. നൊക്റ്റസ് അറ്റിസി എന്ന വ്യാകരണഗ്രന്ഥത്തിന്റെ രചയിതാവ് ?

(A) ഡയനീഷ്യസ് ത്രാക്സ് (B) ഫ്രാൻത് സ് ബോപ്പ്

(C) അരിസ്റ്റോട്ടിൽ (D) സോക്രട്ടിസ്

57. ഭാഷയുടെ ആനുവംശികവിഭജനവുമായി ചേർന്നുപോകുന്നത് താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ?

(A) കക്ഷ്യാവിഭജനം (B) ഘട്ടവിഭജനം

(C) ആറുനയങ്ങൾ (D) ഗോത്രനിർണ്ണയം

58. ആശയവിനിമയപ്രക്രിയയിലെ സ്വനസഞ്ചാരത്തെക്കുറിച്ചു പഠിക്കുന്ന ഭാഷാശാസ്ത്രമേഖല.

(A) ഉച്ചാരണസ്വനവിജ്ഞാനം (B) സ്വനഭൗതികം

(C) വാക്യവിജ്ഞാനം (D) ശ്രവണാസ്പദസ്വനവിജ്ഞാനം

59. കേരളപാണിനീയത്തിലെ ശബ്ദത്തിനുള്ള നിർവ്വചനം ഭാഷാശാസ്ത്രത്തിലെ ഏതിനാണ് യോജിക്കുന്നത് ?

(A) സ്വനിമം (B) ഉപസ്വനം

(C) സ്വനം (D) രൂപിമം

60. കേരളഭാഷാവിജ്ഞാനീയം എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

(A) ഇ. വി. എൻ. നമ്പൂതിരി (B) എൻ. എൻ. മൂസ്സത്

(C) കെ. എം. പ്രഭാകരവാരിയർ (D) കെ. ഗോദവർമ്മ

# Answer Key

| | | | |
|---|---|---|---|
| 1. | B | 31. | B |
| 2. | C | 32. | C |
| 3. | B | 33. | A |
| 4. | C | 34. | A |
| 5. | B | 35. | D |
| 6. | B | 36. | A |
| 7. | A | 37. | C |
| 8. | D | 38. | B |
| 9. | B | 39. | C |
| 10. | A | 40. | A |
| 11. | C | 41. | C |
| 12. | B | 42. | B |
| 13. | D | 43. | D |
| 14. | A | 44. | D |
| 15. | B | 45. | A |
| 16. | A | 46. | C |
| 17. | A | 47. | B |
| 18. | B | 48. | C |
| 19. | D | 49. | B |
| 20. | C | 50. | A |
| 21. | A | 51. | C |
| 22. | B | 52. | B |
| 23. | D | 53. | A |
| 24. | A | 54. | C |
| 25. | B | 55. | B |
| 26. | C | 56. | A |
| 27. | A | 57. | D |
| 28. | D | 58. | B |
| 29. | C | 59. | D |
| 30. | A | 60. | D |